# 24% വളർച്ച നേടി ചോളമണ്ഡലം ഇൻവെസ്റ്റ്മെൻറ്

കൊച്ചി● പ്രമുഖ നോൺബാങ്കിങ് ഫിനാൻസ് കമ്പനിയായ ചോളമണ്ഡലം ഇൻവെസ്റ്റ്മെൻറ് സെപ്റ്റംബർ 30ന് അവസാനിച്ച സാമ്പത്തിക വർഷ രണ്ടാം പാദത്തിൽ 24 ശതമാനം വളർച്ചയോടെ 228 കോടി രൂപ അറ്റാദായമുണ്ടാക്കി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 167 കോടി രൂപയായിരുന്നു അറ്റാദായം. ആദ്യ പാദത്തെക്കാൾ 13 ശതമാനം വളർച്ചയും കമ്പനി രേഖപ്പെടുത്തി.